LIBRARY ARCHIVES Kerala Legislative Assembly

3) ആയുഷ് വകുപ്പ് 25-2-2021-ലെ സ.ഉ.(കൈ) നമ്പർ 7/2021/ആയുഷ് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിൽ അനുവദിച്ച 8 സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്കും 25-2-2021- ലെ സ.ഉ.(കൈ) നമ്പർ 5/2021/ആയുഷ് ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യസ വകുപ്പിൽ അനുവദിച്ച 19 തസ്തികകളിൽ 3 തസ്തികകളിൽ നിയമനം നടത്തുകയും 4 തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുകയും 12 തസ്തികകളിൽ യോഗ്യതയും നിയമന രീതിയും നിശ്ചയിക്കുന്ന കാര്യം പരിശോധിച്ചുവരികമാണ്. ബാക്കിയുള്ള 273 തസ്തികകൾ കാറ്റഗറി തിരിച്ചു അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ഏതൊക്കെ ആയുർവേദ ആശുപത്രികളിലാണ് ലേ സെക്രട്ടറി-കം-ടഷറർ തസ്തിക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

1. ജില്ലാ ആയുർവേദ ആശുപത്രി, തൊടുപുഴ, ഇടുക്കി

2. ജില്ലാ ആയുർവേദ ആശുപത്രി, വളവന്നൂർ, മലപ്പുറം

3. ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട്

4. ജില്ലാ ആയുർവേദ ആശുപത്രി, കണ്ണൂർ

(സി) 52/2021 നമ്പർ ഉത്തരവ് പ്രകാരം കാഞ്ഞങ്ങാട് അമ്മയും കുഞ്ഞും ആശുപത്രിയിലേയ്ക്ക് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; പ്രസ്തുത ആശുപത്രി എന്ന് പ്രവർത്തനമാരംഭിക്കും എന്ന് വ്യക്തമാക്കാമോ?

നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുകയും പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്യുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ആരോഗ്യമേഖലയിലെ പുതിയ തസ്തികകൾ

218 (3245) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2799 പുതിയ തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായതിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, പരിയാരം മെഡിക്കൽ കോളേജ്, ആയുഷ് വകുപ്പ് എന്നിവയിൽ എത്ര വീതം തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) ഓരോ വകുപ്പിലും ഏതൊക്കെ കാറ്റഗറികൾക്ക് എത്ര തസ്തികകൾ വീതം സൃഷ്ടിച്ചു എന്ന് ഇനം തിരിച്ച് വിവരം നൽകുമോ?

(എ-സി) 19-2-2021-ലെ G.O.(Ms) No.52/2021/H&FWD പ്രകാരം 1200 വിവിധ തസ്തികകൾ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലെ സ്ഥാപനങ്ങൾക്കും 1299 വിവിധ തസ്തികകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും 300 തസ്തികകൾ ആയുഷ് വകുപ്പിലും അങ്ങനെ ആകെ 2799 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ഈ വകുപ്പുകളിൽ സ്വീകരിച്ച തുടർനടപടികൾ ചുവടെ ചേർക്കുന്നു.

1) ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലെ വിവിധ സ്ഥാപനങ്ങൾ തത്വത്തിൽ സൃഷ്ടിച്ച 1200 തസ്തികകളിൽ ആദ്യഘട്ടമായി 3-8-2021-ലെ സർക്കാർ ഉത്തരവ് (കൈ) 143/2021/ആ.കു.വ. പ്രകാരം 204 സ്റ്റാഫ് നഴ്സ് ഗ്രേഡ് -II, 52 ഫാർമസിസ്റ്റ് ഗ്രേഡ് -II, 42 ലോവർ ഡിവിഷൻ ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ ആകെ 300 തസ്തികകൾ വിവിധ ജില്ലകളിലേയ്ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തത്വത്തിൽ സൃഷ്ടിച്ച 1299 തസ്തികകളിൽ, 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 49/2021/ആ.കു.വ. പ്രകാരം കോട്ടയം മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എൻട്രോളജി വകുപ്പ് ആരംഭിക്കുന്നതിന് അനുമതി നൽകുകയും പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ എന്നിവയുടെ ഓരോ തസ്തികകളും അസിസ്റ്റന്റ് പ്രൊഫസറുടെ രണ്ട് തസ്തികകളും സീനിയർ റസിഡന്റിന്റെ 4 തസ്തികകളും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 50/2021/ ആ.കു.വ. പ്രകാരം തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി യൂണിറ്റ് ആരംഭിക്കുന്നതിനായി ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരം ദന്തൽ കോളേജിൽ 23-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 64/2021/ ആ.കു.വ. പ്രകാരം പബ്ലിക് ഹെൽത്ത് ഡെന്റിസ്ട്രി വിഭാഗത്തിലേയ്ക്ക് അസിസിസ്റ്റന്റ് പ്രൊഫസറുടെ ഒരു തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഉൾപ്പെടെ ബാക്കിയുള്ള തസ്തികകൾ കാറ്റഗറി തിരിച്ചു അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3) ആയുഷ് വകുപ്പ് 25-2-2021-ലെ സ.ഉ.(കൈ) നമ്പർ 7/2021/ആയുഷ് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിൽ അനുവദിച്ച 8 സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്കും 25-2-2021-ലെ സ.ഉ.(കൈ) നമ്പർ 5/2021/ആയുഷ് ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യസ വകുപ്പിൽ അനുവദിച്ച 19 തസ്തികകളിൽ 3 തസ്തികകളിൽ നിയമനം നടത്തുകയും 4 തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുകയും 12 തസ്തികകളിൽ യോഗ്യതയും നിയമന രീതിയും നിശ്ചയിക്കുന്ന കാര്യം പരിശോധിച്ചുവരികയുമാണ്. ബാക്കിയുള്ള 273 തസ്തികകൾ കാറ്റഗറി തിരിച്ചു അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഡി) കാറ്റഗറി തിരിച്ച് തസ്തിക സൃഷ്ടിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

25-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/2021/ആയുഷ്, 25-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 7/2021/ആയുഷ്, 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 49/2021/ആ.കു.വ., 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 50/2021/ആ.കു.വ., 23-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 64/2021/ആ.കു.വ., 3-8-2021-ലെ സർക്കാർ ഉത്തരവ് (കൈ) 143/2021/ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

ആരോഗ്യ വകുപ്പിന്റെ കീഴിൽ ഒഴിവുള്ള തസ്തികകൾ

219 (3246) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ ഏതെല്ലാം തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ?

വയനാട് മെഡിക്കൽ കോളേജിലും ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഓരോ തസ്തികയും എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നുവെന്നും പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2-വിലെ 10 ഒഴിവുകൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly